DESPATCHED
On../14./9./21...

8|9|21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം_695 001

Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.661(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.6399/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 സെപ്റ്റംബർ 8**

ശ്രീ. വി.പി. കണ്ണനുണ്ണി,
ശ്രീവത്സം,
വടക്കന്തറ പോസ്റ്റ്,
പാലക്കാട് – 678 012.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സ്റ്റേഷൻ ഹൗസ് ഓഫീസർ, ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ, പാലക്കാട്.
2. അപ്പീൽ അധികാരി & ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം, പാലക്കാട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 29/12/2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 21/01/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06/02/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 20/02/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 10/05/2021 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 23/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 07/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/08/2021 |
| ഹിയറിംഗ് നടന്ന തീയതി | 07/09/2021 – വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായി |
| എസ്.പി.ഐ.ഒ. | ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. വി.പി.കണ്ണനുണ്ണി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം 29/12/2020 ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച

അപേക്ഷയ്ക്ക് മറുപടിയായി ടിയാൻ ആവശ്യപ്പെട്ടിട്ടില്ലാത്ത രേഖകളുടെ പകർപ്പിനായി 22/- രൂപ ട്രഷറിയിൽ ഒടുക്കി രസീത് ഓഫീസിൽ ഹാജരാക്കാനാണ് മറുപടി നൽകിയതെന്നും ആയതിനെതിരെ ഒന്നാം അപ്പീൽ അധികാരിയായ പാലക്കാട് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് അപ്പീൽ അപേക്ഷ നൽകിയ പ്രകാരം ലഭിച്ച മറുപടിയിൽ Cr.PC173(3) യിൽ അനുശാസിക്കും വിധത്തിൽ കേസ് ഫയൽ പരിശോധിക്കുവാൻ കേസന്വേഷണ ഉദ്യോഗസ്ഥനോ ബന്ധപ്പെട്ട കോടതിക്കോ മാത്രമേ അധികാരമുള്ളു എന്നും അതിനാൽ കോടതിയുടെ അനുമതിയില്ലാതെ ഫയൽ പഠിക്കുവാനുള്ള അനുമതി നൽകുവാൻ നിർവ്വാഹമില്ലെന്നുമുള്ള എസ്.പി.ഐ.ഒ. യുടെ മറുപടി ശരിവയ്ക്കുകയാണുണ്ടായതെന്നും ആയതിനാൽ അപ്പീൽ ഹർജി സ്വീകരിച്ച് പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത CR.18/2020 u/s 279, 337 & 338 IPC കേസിന്റെ ഫയൽ നിയമാനുസരണം പഠിക്കുന്നതിന് അനുവാദം നൽകുന്നതിനു വേണ്ട നിർദ്ദേശം ഒന്നാം എതിർകക്ഷിയ്ക്ക് നൽകണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 29.12.2020 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ CR.18/2020 u/s 279, 337 & 338 IPC കേസിലെ ഡൗൺ ലോഡ് ചെയ്ത എഫ്.ഐ.ആർ. പകർപ്പിലെ ഉള്ളടക്കവും പ്രസ്തുത കേസിനോട് ബന്ധപ്പെട്ട പാലക്കാട് MACT OP NO. 986/2020 ലെ അപേക്ഷയിലെ ഉള്ളടക്കവും തമ്മിൽ പൊരുത്തപ്പെടാത്തതിനാൽ മേൽപ്പടി കേസിന്റെ ഫയൽ നേരിൽ പഠിക്കുന്നതിനും ആവശ്യമായ രേഖകളുടെ പകർപ്പുകൾ ശേഖരിക്കുന്നതിനും അനുമതി നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 21.01.2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള CR.18/2020 u/s 279, 337 & 338 IPC കേസ്സുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പുകൾ 22/- രൂപയുടെ ചെലാൻ അടച്ച് രസീത് ഹാജരാക്കുന്നപക്ഷം മറുപടി നൽകുന്നതാണെന്നുമാണ്.

4. മേൽപ്പടി മറുപടിയ്ക്കെതിരെ സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, അപ്പീലിൽ ആവശ്യപ്പെട്ട പാലക്കാട് ടൗൺ സൗത്ത് CR.18/2020 u/s 279, 337 & 338 IPC കേസ്സിന്റെ കേസ് ഡയറി പരിശോധിക്കുന്നതിന് Cr.PC173(3) -ൽ

അനുശാസിക്കും പ്രകാരം കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥനോ അല്ലെങ്കിൽ ബഹു. കോടതിക്കോ മാത്രമാണ് അധികാരം നിക്ഷിപ്തമായിട്ടുള്ളതെന്നും കേസ് ഡയറി പരിശോധിക്കുന്നതിന് ബഹു. കോടതി മുഖാന്തിരം ഉത്തരവ് വാങ്ങി പരിശോധിക്കാവുന്നതാണെന്നും ഹർജിക്കാരന് ആവശ്യമായിട്ടുള്ള രേഖകളുടെ വിവരങ്ങൾ വ്യക്തമായി പ്രതിപാദിച്ച് ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ. പ്രതിപാദിച്ച പ്രകാരം 22/- രൂപ ട്രഷറിയിൽ ചലാൻ അടച്ച് കൈപ്പറ്റാവുന്നതാണെന്നുമുള്ള ഒന്നാം എതിർക്ഷിയുടെ മറുപടി ശരി വെച്ച് അപ്പീൽ തീർപ്പാക്കുന്നുവെന്നുമാണ്.

5. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ 30.12.2020 തീയതി പാലക്കാട് ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈം CR.18/2020 u/s 279, 337 & 338 IPC കേസ്സിന്റെ ഫയൽ നേരിൽ പഠിക്കുന്നതിനും ആവശ്യമായ രേഖകളുടെ പകർപ്പുകൾ ശേഖരിക്കുന്നതിനുമുള്ള അനുമതിക്കായി അപേക്ഷ ലഭിച്ചിട്ടുള്ളതാണെന്നും എന്നാൽ CrPC 172(3) വകുപ്പ് പ്രകാരം കേസ് ഫയൽ പരിശോധിക്കുന്നതിന് ബഹു. കോടതിക്കും അന്വേഷണ ഉദ്യോഗസ്ഥനും മാത്രമെ അധികാരമുള്ളു എന്നും അപേക്ഷകൻ ടൗൺ സൗത്ത് പോലീസ് സ്റ്റേഷനിൽ നേരിൽ ഹാജരായി വാക്കാൽ ആവശ്യപ്പെട്ടത് പ്രകാരം കേസിന്റെ കുറ്റപത്രത്തിന്റെയും അതിനോടനുബന്ധിച്ച സാക്ഷി മൊഴികളുടെയും മറ്റും 11 പേജുകൾ വരുന്ന രേഖകളുടെ പകർപ്പുകൾക്ക് 22/- രൂപ ചലാൻ അടച്ച് രസീതി ഹാജരാക്കുന്നതിന് 21.01.2021 തീയതി മറുപടി നൽകിയിരുന്നതാണെന്നും ഹർജിക്കാരൻ നാളിതുവരെയായി ചലാൻ അടച്ച രസീത് ഹാജരാക്കിയിട്ടില്ലാത്തതുമാണെന്നും വിവരാവകാശ നിയമപ്രകാരം മൂന്നാം കക്ഷിയായ അപേക്ഷകന് ക്രൈം ഫയൽ നേരിൽ പഠിക്കുന്നതിന് അനുവദിക്കാൻ കഴിയാത്തതാണെന്നും മേൽ കേസിന്റെ ആവശ്യമായ രേഖകളുടെ പകർപ്പുകൾ അപേക്ഷകൻ ആവശ്യപ്പെടുന്നപക്ഷം ആയത് അനുവദിക്കുന്നതാണെന്നുമാണ്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, Cr.PC173(3) വകുപ്പ് പ്രകാരം ബഹു. കോടതിക്കും അന്വേഷണ ഉദ്യോഗസ്ഥനും മാത്രമെ കേസ് ഡയറി നേരിട്ട് പരിശോധിക്കുന്നതിന് അധികാരമുള്ളു എന്നതിനാലാണ്, പ്രസ്തുത ഫയലിലെ ലഭ്യമാക്കാൻ പറ്റുന്ന 11 പേജുകളുടെ പകർപ്പുകൾ 22/- രൂപ ചലാൻ അടച്ച് കൈപ്പറ്റാവുന്നതാണെന്ന് മറുപടി നൽകിയത് എന്ന് കാണുന്നു. ടി കാര്യം ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജിക്കാരനെ അറിയിക്കേണ്ടതായിരുന്നു. മേൽ പരാമർശിച്ച പ്രകാരം കേസ് ഡയറി പരിശോധിക്കുന്നതിന് ഹർജിക്കാരൻ കോടതിയുടെയോ അന്വേഷണ

ഉദ്യോഗസ്ഥന്റെയോ അനുമതി തേടിയിട്ടില്ലാത്തതിനാൽ സിഡി ഫയൽ നേരിട്ട് പരിശോധിക്കണമെന്ന ഹർജിക്കാരന്റെ ആവശ്യത്തിന്മേൽ കമ്മീഷൻ നിർദ്ദേശങ്ങൾ ഒന്നും പുറപ്പെടുവിക്കുന്നില്ല. എന്നാൽ പ്രസ്തുത ഫയലിലെ നിയമപരമായി ലഭ്യമാക്കാൻ കഴിയുന്നതും ഹർജിക്കാരന് ആവശ്യമായി വരുന്നതുമായ എല്ലാ രേഖകളുടെയും പകർപ്പ് ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2021 സെപ്റ്റംബർ 8–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us